<u>ശ്രീ. പി.ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട ജെ. മേഴ്സിക്കുട്ടി അമ്മയ്ക്ക് കഴിഞ്ഞ ദിവസം പ്രസ്താവന നടത്താൻ അവസരം നൽകിയിരുന്നു. അതുപോലൊരു അവസരം ശ്രീ. വി. ഡി. സതീശനും നൽകുന്നതിനെക്കുറിച്ച് പറഞ്ഞപ്പോൾ ഇതുസംബന്ധിച്ച് അങ്ങ് ഇന്നൊരു റൂളിംഗ് നൽകാമെന്ന് പറഞ്ഞു. ആ റൂളിംഗ് അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ചെയറിന്റെ ഭാഗത്തുനിന്ന് റൂളിംഗുണ്ടാകും. ചട്ടം 288 പ്രകാരം രണ്ട് ഭാഗത്തുള്ളവർക്കും രണ്ടുതവണ അവസരങ്ങൾ നൽകി. അതുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇനി സഭയിൽ ഒരു സംവാദത്തിന് സാധ്യതയില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>):സർ, ഞാനൊരു കാര്യം അങ്ങയോട് ആവശ്യപ്പെട്ടിരുന്നു. സഭയിൽ ചില വാക്കുകൾ ഉപയോഗിക്കാൻ പാടില്ലെന്ന് റൂളിൽ പറയുന്നുണ്ട്. ഒരു അംഗത്തിനെതിരായി ആരോപണം ഉന്നയിച്ചാൽ, അതിൽ ദുസൂചനയുള്ള വാക്കുകളുണ്ടെങ്കിൽ അത് പിൻവലിക്കാവുന്നതാണ്. ഇക്കാര്യം അങ്ങ് പരിശോധിക്കാമെന്ന് പറഞ്ഞു.

ആയതിനാൽ അങ്ങയുടെ റൂളിംഗിൽ ഇക്കാര്യംകൂടി പരാമർശിക്കണം.

മി. സ്പീക്കർ: ഇക്കാര്യം തന്നെയാണ് പരിശോധിക്കാമെന്ന് പറഞ്ഞത്.